# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3057

18.10.2016 - ൽ മറുപടിയ്ക്ക്

### കയറിന്റെയും, കയറുല്പന്നങ്ങളുടെയും കയറ്റുമതി

| ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ | ഉത്തരം<br>ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കഴിഞ്ഞ സാമ്പത്തിക വർഷം കയറിന്റെയും, കയറുല്പന്നങ്ങളുടെയും കയറ്റുമതിയിലൂടെ ലഭിച്ച വരുമാനം മുൻ വർഷത്തെക്കാൾ വർദ്ധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | എ) കയർഫെഡ് 2014-15 സാമ്പത്തിക വർഷത്തിൽ 13.11 ലക്ഷം രൂപയുടെയും 2015-16 ൽ 29.17 ലക്ഷം രൂപയുടെയും കയറ്റുമതി നടത്തിയിട്ടുണ്ട്. കയർ കോർപ്പറേഷൻ 2014-15 ൽ 416.00 ലക്ഷം രൂപയുടെയും 2015-16 ൽ 814.00 ലക്ഷം രൂപയുടെയും കയറ്റുമതി നടത്തിയിട്ടുണ്ട്. ഫോമിൽ 2014-15 സാമ്പത്തിക വർഷത്തിൽ 49.99 ലക്ഷം രൂപയുടെയും 2015-16 വർഷത്തിൽ 13.05 ലക്ഷം രൂപയുടെയും കയറ്റുമതി നടത്തിയിട്ടുണ്ട്. |
| ബി) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ? | ബി)കയറിന്റെയും കയറുല്പന്നങ്ങളുടെയും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സർക്കാർ നിർദ്ദേശ പ്രകാരം സ്വദേശത്തും വിദേശത്തുമായി എക്സിബിഷനുകളിൽ പങ്കെടുക്കുക, വിദേശ വ്യാപാരികളുമായി തുടർച്ചയായി ബന്ധപ്പെടുക, ബയർ-സെല്ലർ മീറ്റിംഗുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ